LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് സേനയിലെ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ, കേരള പോലീസ് ഡിപ്പാർട്ട്മെന്റിൽ എൻക്വയറി, പണിഷ്മെന്റ് & അപ്പീൽ റൂൾ പ്രകാരം വകുപ്പുതല അന്വേഷണ നടപടികൾ ആരംഭിക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് അവരുടെ ഭാഗം വിശദീകരിക്കുവാനായി അവസരം നൽകുകയും ചെയ്തശേഷം ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇതിനുള്ള അധികാരം നിലവിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്കുണ്ട്.

പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധന

205 (2076) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) വാഹന പരിശോധനകൾ നടത്തുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(സി) ക്യാമറ ചിത്രീകരണം ഇല്ലാതെ വാഹന പരിശോധന നടത്തി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം മറികടന്ന് വാഹന പരിശോധന നടത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(ഇ) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലംഘിച്ച് പരിശോധന നടത്തിയാൽ, നിയമനടപടികളിൽനിന്നും യാത്രക്കാരെ ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥരുടെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻ സബ് ഇൻസ്പെക്ടർ റാങ്കിലുള്ളതോ അതിനു മുകളിലുള്ള ഉദ്യോഗസ്ഥനോ ആയിരിക്കണമെന്നും വാഹന പരിശോധന നടത്തുമ്പോൾ ഔദ്യോഗിക വേഷത്തിലായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പറുകൾ 5/12, 6/12, 11/13,

17/13 പ്രകാരം സുതാര്യവും വാഹനങ്ങളുടെ ഡ്രൈവർമാർക്ക് വളരെ ദൂരെ നിന്നും കാണാവുന്ന സ്ഥലങ്ങളിലും മതിയായ വെളിച്ചത്തിലും ഗതാഗത തടസ്സം സൃഷ്ടിക്കാത്ത വിധത്തിൽ പാർക്ക് ചെയ്യാവുന്നിടത്തും കൂടാതെ വളവുകൾ, ഇടുങ്ങിയ റോഡുകൾ, തിരക്കുള്ള സ്ഥലങ്ങൾ, പ്രധാന ജംഗ്ഷനുകൾ എന്നിവ ഒഴിവാക്കി വാഹനം നിർത്തിയതിന് ശേഷം ഡ്രൈവർമാരുടെ സമീപത്ത് ചെന്ന് നിയമലംഘനം പറഞ്ഞ് ബോധ്യപ്പെടുത്തി രേഖകൾ പരിശോധിക്കണമെന്നും വാഹന പരിശോധന നടത്തുമ്പോൾ ഒരു വാഹനം പരിശോധിച്ചതിനുശേഷം മാത്രമേ അടുത്ത വാഹനം നിർത്തി പരിശോധിക്കാൻ പാടുള്ളുവെന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നത് വീഡിയോ ക്യാമറകൾ ലഭ്യമെങ്കിൽ ആയവ ഉപയോഗിച്ച് ചിത്രീകരണം നടത്തിയും വാഹന പരിശോധന നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൃശ്ശൂർ റൂറലിലെ ഒരു പോലീസുദ്യോഗസ്ഥനെതിരെ ഇത്തരത്തിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം ലംഘിച്ച് പരിശോധന നടത്തിയാൽ ടി ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. നിയമ നടപടികളിൽനിന്നും യാത്രക്കാരെ ഒഴിവാക്കുവാൻ തീരുമാനം എടുത്തിട്ടില്ല.

പോലീസ് ഡിപ്പാർട്ട്മെന്റിൽ ജീവനക്കാരിയായ ഷീലയും സർവ്വേ വകുപ്പിൽ ജോലിയുള്ള സഹോദരി സജിതയും കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുത്ത സംഭവം

206 (2077) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ചേങ്കോട്ടുകോണം മഠത്തിൽ വീട്ടിൽ പോലീസ് ഡിപ്പാർട്ട്മെന്റിൽ ജീവനക്കാരിയായ ഷീലയും സർവ്വേ വകുപ്പിൽ ജോലിയുള്ള സഹോദരി സജിതയും കൊള്ളപ്പലിശയ്ക്ക് പണം കടം കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013 മേയ് 12-ാം തീയതി ഓപ്പറേഷൻ കുബേരയിലൂടെ ഇവരുടെ വീട്ടിൽ നിന്നും പിടിച്ചെടുത്ത ഡയറിയും ഒപ്പിട്ട വെള്ളപേപ്പറുകളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി പൊതുവായി കിട്ടിയ അറിവിന്മേൽ ആയതിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി 12-5-2014-ാം തീയതി കഴക്കൂട്ടം പോലീസ് സ്റ്റേഷൻ അഡീഷണൽ സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റെയ്ഡ് നടത്തിയിട്ടുള്ളതും പ്രസ്തുത റെയ്ഡിൽ ഡയറിയോ രേഖകളോ കണ്ടെടുത്തിട്ടില്ലാത്തതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly